തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്നുവെന്ന പരാതിയിൻമേൽ നടപടി

75 [3329] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനു വിട്ടുകിട്ടുന്ന വെള്ളം തമിഴ്നാട് അനധികൃതമായി ചോർത്തുന്നുവെന്ന പരാതിയിൽ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി കേരള സർക്കാരിന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുടർനടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) പറമ്പിക്കുളം പദ്ധതി പ്രദേശത്തെ കെട്ടിടങ്ങൾ കേരളത്തിനു വിട്ടു തരാമെന്ന് തമിഴ്നാട് സർക്കാർ സമ്മതിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ടി കെട്ടിടങ്ങൾ വിട്ടുകിട്ടുവാൻ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം സംബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിയുമായി 6-11-2004-ൽ ചെന്നൈയിൽവച്ചുനടന്ന അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചയിൽ, കേരളം ആവശ്യപ്പെട്ട പ്രകാരം മണക്കടവ് വിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത പമ്പു സെറ്റുകൾ നീക്കം ചെയ്യാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പമ്പു സെറ്റുകൾ തമിഴ്നാട് ഇതുവരെ നീക്കം ചെയ്തിട്ടില്ല.

(സി) & (ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പ്രകാരം കേരളത്തിന് അവകാശപ്പെട്ട 229 കെട്ടിടങ്ങൾ ഉണ്ട്. കേരളം ആവശ്യപ്പെട്ട പ്രകാരം അതിൽ ബാക്കി വിട്ടുതരാനുള്ള 101 കെട്ടിടങ്ങളിൽ 21 കെട്ടിടങ്ങൾ ഉടനടി വിട്ടുതരാമെന്ന് 6-11-2004-ൽ ചെന്നൈയിൽവച്ചുനടന്ന അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചയിൽ തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിന് ഉറപ്പു നൽകുകയും അതിൻ പ്രകാരം 21 കെട്ടിടങ്ങൾ 7-2-2005-ന് കേരളത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചകളിലും മന്ത്രിതല ചർച്ചകളിലും, ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് മീറ്റിംഗുകളിലും കേരളത്തിന് അവകാശപ്പെട്ട മുഴുവൻ കെട്ടിടങ്ങളും വിട്ടുതരണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

GPM. 2/609/2012—15

LIBRARY ARCHIVES Kerala Legislative Assembly